**കേരള കാർഷിക സർവ്വകലാശാല**

**മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ**

നമ്പർ: ജിഎ/ജി.1/12072/2016 തീയ്യതി : 22.12.2016

**തെരഞ്ഞെടുപ്പ് വിജ്ഞാപനം**

കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ പുന:സംഘടിപ്പിക്കുന്നതിനായി 1971-ലെ കെ.എ.യു ആക്ട് (2001-ലെ ആക്ട് 16 പ്രകാരം ഭേദഗതി ചെയ്യപ്പെട്ടത്) 10-ാം വകുപ്പിൽ തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങൾ എന്ന ശീർഷകത്തിൽ ഉപവകുപ്പ് (3) (4) & (6) വരെ താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട അംഗങ്ങളിൽ നിന്നും സ്റ്റാറ്റ്യൂട്ട് എസ്.ആർ.ഒ. നമ്പർ 678/74 പ്രകാരം കൈമാറ്റം ചെയ്യപ്പെടാവുന്ന പ്രാതിനിധ്യ വോട്ടിംഗ് രീതിയനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തുവാൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗം | തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | സർവ്വകലാശാലയിലെ അദ്ധ്യാപകർ | 1 (ഒന്ന്) |
| 2 | വിദ്യാർത്ഥികൾ | 1 (ഒന്ന്) |
| 3 | സ്ഥിരം തൊഴിലാളികൾ | 1 (ഒന്ന്) |

23.11.2016ന് പ്രസിദ്ധീകരിച്ചതും 08.12.2016 ന് തെറ്റുകൾ തിരുത്തപ്പെട്ടതുമായ വോട്ടർപട്ടികയിൽ ഉൾപ്പെട്ട അംഗങ്ങൾക്കു മാത്രമേ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ. ഏതെങ്കിലും കാരണവശാൽ പ്രസ്തുത അംഗത്വം തെരഞ്ഞെടുപ്പ് തിയ്യതിക്കു മുമ്പു നഷ്ടപ്പെടുന്നവർക്ക് തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയില്ലാതായിത്തീരുന്നതാണ്.

വോട്ടെടുപ്പ് ആവശ്യമായി വരുന്ന പക്ഷം സർവ്വകലാശാല ഓഫീസുകൾ, കോളേജുകൾ, വിവിധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതാണ്. പോളിംഗ് സ്റ്റേഷനുകളുടെ പേര്, പോളിംഗ് പ്രദേശം, വോട്ടർമാർക്ക് അനുവദിച്ചിട്ടുള്ള പോളിംഗ് സ്റ്റേഷൻ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ പ്രസിദ്ധീകരിക്കുന്നതാണ്.

നിർദ്ദിഷ്ട നാമനിർദ്ദേശ പത്രികയുടെ മറുപുറത്ത് കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പത്രികകൾ സമർപ്പിക്കേണ്ടത്. നാമനിർദ്ദേശ പത്രികകൾ വരണാധികാരിയായ രജിസ്ട്രാറുടെ ഓഫീസിൽ നിന്നും വോട്ടർ പട്ടികയിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് ലഭിക്കുന്നതാണ്. നാമനിർദേശ പത്രിക അടങ്ങിയ കവറിനുപുറത്ത് **"ജനറൽ കൗൺസിലിലേയ്ക്കുള്ള ഉപ തെരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രിക: മണ്ഡലം.................."** എന്ന് എഴുതിയിരിക്കേണ്ടതാണ്.

(മറുപുറം)

സ്ഥാനാർത്ഥിക്കും, സ്ഥാനാർത്ഥി രേഖാമൂലം ചുമതലപ്പെടുത്തിയതും വരണാധികാരിയുടെ അംഗീകാരം നേടിയതുമായ ഒരു പ്രതിനിധിക്കും നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

## ഉപ തെരഞ്ഞെടുപ്പ് കാര്യപരിപാടി

| | | |
|---|---|---|
| 1 | നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന തിയ്യതിയും സമയവും | 11.01.2017 (4.00 മണി) (ബുധൻ) |
| 2 | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 13.01.2017 (11 മണി) (വെള്ളി) |
| 3 | സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയ്യതി | 13.01.2017 (വെള്ളി) |
| 4 | സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തിയ്യതിയും സമയവും | 18.01.2017 (4.00 മണി) (ബുധൻ) |
| 5 | മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയ്യതി | 19.01.2017 (വ്യാഴം) |
| 6 | വോട്ടെടുപ്പ് തിയ്യതിയും സമയവും | 15.02.2017 (ബുധൻ) |
| 7 | ബാലറ്റ് പേപ്പർ സൂക്ഷ്മ പരിശോധനയും വോട്ട് എണ്ണലും നടത്തുന്ന സമയം | 17.02.2017 (വെള്ളി) |
| 8 | ഫലപ്രഖ്യാപനം നടത്തുന്ന തീയതി | 17.02.2017 (വെള്ളി) |
| 9 | ഫലപ്രഖ്യാപനം പ്രാബല്യത്തിൽ വരുന്ന തീയതി | 22.02.2017 (ബുധൻ) |

**രജിസ്ട്രാർ ആന്റ് റിട്ടേണിങ്ങ് ഓഫീസർ**

അനൗൺസ്/നോട്ടീസ് ബോർഡ്/ കെ.എ.യു വെബ് സൈറ്റ്

ISS 22.12.2016